LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേടായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നട്ടുപിടിപ്പിക്കുന്ന പദ്ധതി 2014-15 വർഷം കൃഷിവകുപ്പ് നടപ്പാക്കിയിട്ടില്ല. എന്നാൽ സമഗ്ര നാളികേര വികസന പദ്ധതിയായ "കേരഗ്രാമം" പദ്ധതിയുടെ ഉപഘടകമായും കൃഷിഭവനിലൂടെ നടപ്പാക്കുന്ന മറ്റ് പദ്ധതികളിലൂടെയും കേടായ തെങ്ങുകൾ വെട്ടിമാറ്റി 48108 തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കേടായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങ് ഒന്നിന് 500 രൂപയാണ് സബ്സിഡിയായി (ഒരു ഹെക്ടറിന് പരമാവധി 5000 രൂപ) നൽകി വരുന്നത്.

(ബി)

1. തെങ്ങുകയറ്റക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി കർമസേന രൂപീകരിച്ച് തെങ്ങ് കയറുന്നതിന് പരിശീലനം നൽകുകയും തെങ്ങ് കയറ്റയന്ത്രം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 200 പഞ്ചായത്തുകളിൽ കർമ്മസേന രൂപീകരിച്ചിട്ടുണ്ട്.

2. സമഗ്ര നാളികേര വികസന പദ്ധതിയായ കേരഗ്രാമം 2014-15 പദ്ധതിയിലൂടെ 1580 തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

3. നാളികേര വികസന ബോർഡ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പേരിൽ തെങ്ങുകയറ്റ തൊഴിലാളികൾക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും തെങ്ങുകയറ്റ യന്ത്രങ്ങൾ സൗജന്യമായി നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കുറിയ ഇനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു.

കാഞ്ഞങ്ങാട് കാർഷിക മേഖലയുടെ അടിസ്ഥാന വികസനം

127 (2760) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയുടെ അടിസ്ഥാന വികസനം സാധ്യമാക്കുന്നതിനായി എം.എൽ.എ.-യുടെ നിർദ്ദേശ പ്രകാരം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) കൃഷിവകുപ്പിന്റെകീഴിലുള്ള നിർവ്വഹണ ഏജൻസികളിലൊന്നും ഇത്തരത്തിൽ നിർദ്ദേശം ലഭിച്ചതായി കാണുന്നില്ല എന്നാൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ ബളാൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 600 ഹെക്ടർ പ്രദേശത്ത് കരണം-മാങ്കയം (വെള്ളരിക്കുണ്ട്) വാട്ടർ ഷെഡ് പദ്ധതിയ്ക്ക് RIDF XX-ൽ ഉൾപ്പെടുത്തി 195 ലക്ഷം രൂപയുടെ ഭരണാനുമതി മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന് നൽകിയിട്ടുണ്ട്.

മട്ടുപ്പാവ് കൃഷി

128 (2761) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലും ഗ്രാമങ്ങളിലും ജൈവകൃഷിയുമായി ബന്ധപ്പെടുത്തി മട്ടുപ്പാവ് കൃഷിക്ക് പുതിയ രൂപരേഖ തയ്യാറാക്കുമോ ;

(ബി) ഇതിലേക്കായി തുടർച്ചയായി മേൽനോട്ടത്തിന് കൃഷിഭവനുകൾക്ക് കീഴിൽ കൂടുതൽ കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുമോ ?

ഉത്തരം

(എ) മട്ടുപ്പാവിലെ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2000 രൂപ വിലയുള്ള 28334 ഗ്രോബാഗ് യൂണിറ്റുകൾ 500 രൂപയ്ക്ക് (75 ശതമാനം സബ്സിഡി നിരക്കിൽ) മട്ടുപ്പാവ് കൃഷിക്കായി വിതരണം ചെയ്യുന്നു. ഇതിനായി 425 ലക്ഷം രൂപയും മുൻവർഷങ്ങളിൽ വിതരണം ചെയ്ത. ഗ്രോബാഗുകളുടെ ആവർത്തന ചെലവുകൾക്കായി 100 ലക്ഷം രൂപയും നടപ്പുവർഷത്തെ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. ഒരു യൂണിറ്റിൽ 25 ഗ്രോബാഗുകളാണ് ഉണ്ടാവുക.

(ബി) മട്ടുപ്പാവ് കൃഷി, സ്ഥാപനങ്ങളിലെ കൃഷി, വീട്ടുവളപ്പിലെ കൃഷി എന്നീ പദ്ധതി ഘടകങ്ങളുടെ തുടർച്ചയായ മേൽനോട്ടത്തിനായി കരാർ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 102 ഫീൽഡ് അസിസ്റ്റന്റുമാരെ നിയമിക്കുവാനുള്ള ഉത്തരവ് നൽകി ക്കഴിഞ്ഞു.

കോലിയക്കോട് ഏലായിലെ നെൽകൃഷി

129 (2762) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly